(ബി) അടങ്കൽ തുക എത്രയാണ്;

(സി) കുളിക്കടവുപാലം നിർമ്മാണ പ്രവൃത്തി ടെണ്ടർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 28-2-2011-ലെ സ.ഉ (സാധാ) നമ്പർ 385/11/പൊ.മ.വ പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

കേന്ദ്രസഹായം

273 (4905) ശ്രീ. വർക്കല കഹാർ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ റോഡുകളുടെ വികസനത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര റോഡുകളുടെ വികസനത്തിനാണ് ധനസഹായം ലഭിച്ചിട്ടുള്ളതെന്ന വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളുടെ പണി എത്രനാൾക്കകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കേന്ദ്ര മന്ത്രാലയം കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് 500 കോടി രൂപയുടെയും, പാലങ്ങൾക്കും അവയുടെ അനുബന്ധ പ്രവൃത്തികൾക്കുമായി 107.15 കോടി രൂപയുടെയും പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2014-15 സാമ്പത്തിക വർഷം ദേശീയപാത പ്ലാൻ സ്കീമിൽ 224 കോടി രൂപയും

LIBRARY ARCHIVES Kerala Legislative Assembly

നോൺ പ്ലാനിൽ (മെയിന്റനൻസ് റിപ്പയറിംഗിന്) 73.97 കോടി രൂപയും, സി.ആർ.എഫിൽ 54.60 കോടി രൂപയും ഇന്റർ സ്റ്റേറ്റ് കണക്ടിവിറ്റിയിൽ 20.56 കോടി രൂപയുമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പ്രസ്തുത ഫണ്ട് അനുവദിച്ചിരിക്കുന്നത് സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ദേശീയപാതകളുടെ വികസന പ്രവൃത്തികൾക്കും/ഉപരിതലം പുതുക്കുന്നതിനും സി.ആർ.എഫ്. പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന ഫണ്ട് സംസ്ഥാന/ജില്ലാ റോഡുകളുടെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്കും ആണ്. നിലവിൽ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി 30 റോഡുകളുടെയും ഒരു പാലത്തിന്റെയും പ്രവർത്തികൾ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. 2015 അവസാനത്തോടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ പടിഞ്ഞാറൻ ബൈപ്പാസിന്റെ നിർമ്മാണം

274 (4906) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന പടിഞ്ഞാറൻ ബൈപ്പാസിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതുവരെ എന്തൊക്കെ നടപടികൾ പൂർത്തിയായിട്ടുണ്ട്;

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ചുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(ഡി) നിർമ്മാണ നടപടികൾ സമയ ബന്ധിതമായി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത ബൈപ്പാസിന്റെ സർവ്വേ നടപടികൾ പൂർത്തിയായി.

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവിനായി കോട്ടയം ആർ.ഡി.ഒ.-യ്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായതിനുശേഷം സമയബന്ധിതമായി നിർമ്മാണ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly